# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## സർക്കുലർ

**നമ്പർ : 21/2015/സം.തി.ക.** **തീയതി : 06.11.2015**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ്, 2015 - പൊതു തിരഞ്ഞെടുപ്പിനു ശേഷം പുതിയതായി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ, വൈസ് ചെയർമാൻ, മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.10.2015 ലെ 166/2015/സം.തി.ക. & 167/2015/സം.തി.ക. നമ്പർ വിജ്ഞാപനങ്ങൾ.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.11.2015-ലെ 20/2015/സം.തി.ക. നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 നവംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് നവംബർ മാസം 12-ാം തീയതി പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ / കൗൺസിലർമാരുടെ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിച്ച് സൂചന പ്രകാരം കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 12-ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം ഒരു പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കുകയോ പുനർരൂപീകരിക്കുകയോ ചെയ്തു കഴിഞ്ഞാൽ അതിന്റെ പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും / ചെയർമാനേയും വൈസ് ചെയർമാനെയും / മേയറേയും ഡെപ്യൂട്ടി മേയറേയും തിരഞ്ഞെടുക്കുന്നതിനായി ആ പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ / മുനിസിപ്പൽ കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ / കൗൺസിലർമാരുടെ ഒരു യോഗം, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേയ്ക്ക് സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യുന്ന ഉദ്യോഗസ്ഥൻ വിളിച്ച് ചേർക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് വരണാധികാരിയായി അതാത് പഞ്ചായത്തുകളിലെ വരണാധികാരികളെയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

2. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെയാണ് മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ചെയർമാൻ, വൈസ് ചെയർമാൻ തിരഞ്ഞെടുപ്പിന്റെ വരണാധികാരികളായി 26.10.2015-ലെ 167/2015/സം.തി.ക.നമ്പർ വിജ്ഞാപന പ്രകാരമുള്ള ഉദ്യോഗസ്ഥരെയാണ് ഇതിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്.

3. മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലെ ചെയർമാൻ

/ മേയർ തിരഞ്ഞെടുപ്പ് 18.11.2015 രാവിലെ 11 മണിക്കും വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ് 18.11.2015 ഉച്ചയ്ക്ക് ശേഷം 2 മണിക്കും നടത്തേണ്ടതാണ്. ഗ്രാമപഞ്ചാത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയെ സംബന്ധിച്ച് പ്രസിഡന്റ് തിരഞ്ഞെടുപ്പ് 19.11.2015 രാവിലെ 11 മണിക്കും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം 2 മണിക്കും നടത്തേണ്ടതാണ്.

4. മേൽപ്പറഞ്ഞ ആവശ്യത്തിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുളള വരണാധികാരികൾ ഇതിലേയ്ക്ക് യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിച്ച് നിശ്ചിത മാതൃകയിലുളള (അനുബന്ധം 1) നോട്ടീസ്, കഴിയുന്നതും അംഗങ്ങൾ / കൗൺസിലർമാർ പ്രതിജ്ഞ എടുക്കുന്ന ആദ്യ യോഗത്തിൽ വച്ചുതന്നെ അംഗങ്ങൾക്ക് രേഖാമൂലം നൽകേണ്ടതാണ്. അത്തരം നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ നോട്ടീസ് കുറഞ്ഞത് മൂന്ന് പൂർണദിവസങ്ങൾക്ക് മുമ്പ് നൽകേണ്ടതാണ്. ഇപ്രകാരം കണക്കാക്കുമ്പോൾ ഞായറാഴ്ചയും അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗം ചേരുന്ന തീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

6. മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗത്തിൽ വോട്ടവകാശമുളള അംഗങ്ങളുടെ പകുതിയെങ്കിലും എണ്ണം അംഗങ്ങൾ ഹാജരില്ലായെങ്കിൽ, യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും കൂടുന്നതിനായി മാറ്റി വയ്ക്കേണ്ടതും ആ യോഗത്തിൽ ക്വാറം നോക്കാതെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

7. അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പ് ഓപ്പൺബാലറ്റ് മുഖാന്തിരം ആയിരിക്കേണ്ടതും വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറക് വശത്ത് അദ്ദേഹത്തിന്റെ പേരും ഒപ്പും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥി ഒരാൾ മാത്രമേയുളളൂവെങ്കിൽ വോട്ടെടുപ്പ് നടത്താതെ തന്നെ ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്.

8. ഗ്രാമപഞ്ചാത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, മേയർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിൽ സംവരണം ചെയ്തിട്ടുളള സംഗതിയിൽ അതാത് വിഭാഗത്തിലുള്ള അംഗങ്ങളാണ് തിരഞ്ഞെടുക്കപ്പെടുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പുകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റേയും ഡെപ്യൂട്ടി ചെയർപേഴ്സന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് വേണം നടത്തേണ്ടത്. പഞ്ചായത്തുകളിലേയും നഗരസഭകളിലേയും അദ്ധ്യക്ഷൻമാരുടേയും ഉപാദ്ധ്യക്ഷൻമാരുടേയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കമ്മീഷൻ 07.07.2015 തീയതിയിൽ പ്രത്യേകം പ്രത്യേകം കൈപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

10. മേൽപ്പറഞ്ഞപ്രകാരം തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് കഴിഞ്ഞാൽ ഉടൻതന്നെ മേയർ / ചെയർമാൻ / പ്രസിഡന്റ് എന്നിവർ ബന്ധപ്പെട്ട വരണാധികാരികൾ മുമ്പാകെയും ഡെപ്യൂട്ടി മേയർ, മേയർ മുമ്പാകെയും വൈസ് ചെയർമാൻ, ചെയർമാൻ മുമ്പാകെയും വൈസ്

പ്രസിഡന്റ്, പ്രസിഡന്റ് മുമ്പാകെയും സത്യപ്രതിജ്ഞയോ / ദൃഢപ്രതിജ്ഞയോ ചെയ്തിരിക്കേണ്ടതും ഇതിലേയ്ക്ക് ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെ 2-ാം നമ്പർ ഫാറത്തിലുള്ള ഒരു രജിസ്റ്ററിൽ ഒപ്പ് വച്ച് രേഖപ്പെടുത്തേണ്ടതുമാണ്.

11. പ്രസിഡന്റ്, ചെയർമാൻ, മേയർ, വൈസ് പ്രസിഡന്റ്, വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായാൽ ഉടൻതന്നെ ഇതിലേയ്ക്ക് നിയോഗിക്കപ്പെട്ട വരണാധികാരികൾ അതിന്റെ റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട സ്ഥാപനത്തിലെ സെക്രട്ടറിയ്ക്കും നൽകേണ്ടതാണ്.

**പി. ഗീത**
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർക്കും
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന)
പകർപ്പ്:-

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ,ലാ ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ. / സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

**അനുബന്ധം 1 A**

**1995 – ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 4(4) ചട്ടപ്രകാരം നൽകുന്ന ചെയർപേഴ്സൺ / ഡെപ്യൂട്ടി ചെയർപേഴ്സൺ / മേയർ / ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് നോട്ടീസ്**

1994 - ലെ കേരള മുനിസിപ്പാലിറ്റി നിയമം 12(1) വകുപ്പു പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് 2015 നവംബർ മാസം 18 - ാം തീയതി ....................................... നഗരസഭ ചെയർമാൻ / വൈസ് ചെയർമാൻ ................................................. മുനിസിപ്പൽ കോർപ്പറേഷൻ മേയർ / ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

* അതിനാൽ ............................................. നഗരസഭ ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് 2015 നവംബർ മാസം 18 - ാം തീയതി (ബുധനാഴ്ച) രാവിലെ 11 മണിക്കും വൈസ് ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് അന്നേദിവസം ഉച്ചയ്ക്കു ശേഷം 2മണിക്കും ...................................................... ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

* അതിനാൽ .................................................... മുനിസിപ്പൽ കോർപ്പറേഷൻ മേയർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് 2015 നവംബർ മാസം 18 - ാം തീയതി (ബുധനാഴ്ച) രാവിലെ 11 മണിക്കും ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്കുള്ളള തിരഞ്ഞെടുപ്പ് അന്നേദിവസം ഉച്ചയ്ക്കു ശേഷം 2 മണിക്കും ............................................. ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

സ്ഥലം :
തീയതി:

വരണാധികാരി
മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

* ബാധകമല്ലാത്തത് വെട്ടികളയുക

**അനുബന്ധം 1 B**

**1995 – ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 5(3) ചട്ടപ്രകാരം നൽകുന്ന പ്രസിഡന്റ് / വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നോട്ടീസ്**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 153-ാം വകുപ്പു പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് 2015 നവംബർ മാസം 19-ാം തീയതി ...................................... * ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

അതിനാൽ ................................................ * ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് 2015 നവംബർ മാസം 19-ാം തീയതി (വ്യാഴാഴ്ച) രാവിലെ 11 മണിക്കും വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് അന്നേദിവസം ഉച്ചയ്ക്കു ശേഷം 2 മണിക്കും ....................................................... ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

സ്ഥലം :<br>
തീയതി:

വരണാധികാരി<br>
ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

* ബാധകമല്ലാത്തത് വെട്ടികളയുക